(ബി) ഷോളയാർ-പറമ്പിക്കുളം-ഭരതപ്പുഴ ബേസിനുകളിലെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ജലവിഹിതം പുനർ നിർണ്ണയം ചെയ്യണമെന്നും മണക്കടവ് വിയറിൽ ഇപ്പോൾ ലഭ്യമാക്കുന്ന 7.25 ടി. എം. സിക്ക് പകരം 12 ടി.എം.സി. ജലം ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടു. കേരള ഷോളയാറിൽ കേരളത്തിന്റെ വാർഷിക വിഹിതമായ 12.3 ടി. എം. സി. വെള്ളം നൽകുന്നതോടൊപ്പം തന്നെ കരാറിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിശ്ചിത തീയതികളിൽ നിശ്ചിത ജലവിതാനം പാലിക്കണമെന്നും കേരളം ആവശ്യപ്പെട്ടു. പെരിയാർ ബേസിനിൽ പര്യാലോചനയിലിരിക്കുന്ന പദ്ധതികൾ തീർന്നശേഷം മാത്രമേ നീരാർ നദിയിൽ നിന്നും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന ജലം തമിഴ്നാടിന് തിരിച്ചുകൊണ്ടു പോകുവാൻ വ്യവസ്ഥയുള്ളൂ എന്നും കേരളം ചൂണ്ടിക്കാട്ടി. പെരിയാർ ബേസിനിലെ ജലത്തിന്റെ ആവശ്യകതകൂടി പരിഗണിച്ചും പദ്ധതിയുടെ വിശദാംശങ്ങൾ നിശ്ചയിച്ചതിനു ശേഷവും മാത്രമേ ആനമലയാറിൽ നിന്നും തമിഴ്നാട്ടിലേക്ക് 2.5 ടി. എം. സി. ജലം തിരിച്ചുകൊണ്ടുപോകാനുള്ള വ്യവസ്ഥ നടപ്പാക്കുന്നതിനെക്കുറിച്ച് പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്നും കേരളം അറിയിച്ചു.

(സി) കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നപക്ഷം നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി

9 [*276] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി. കെ. ദേവകുമാർ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽകോളേജ് ആശുപത്രികളടക്കമുള്ള സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്നും വിദഗ്ധ ചികിത്സയും ലഭിക്കാതെ വി.ഐ.പി.കളും പാവപ്പെട്ട രോഗികളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) മന്ത്രിസഭയിലെ അംഗങ്ങൾക്കുപോലും മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കാത്തതിനെത്തുടർന്ന് സ്വകാര്യ ചികിത്സാകേന്ദ്രങ്ങളിൽ പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിദഗ്ദ്ധരായ ഡോക്ടർമാരും, ആധുനിക ഉപകരണങ്ങളും, പരിചയ സമ്പന്നരായ ജീവനക്കാരും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഉണ്ടായിട്ടും മതിയായ ചികിത്സ ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളടക്കമുള്ള സർക്കാർ ആശുപത്രികളിൽ മരുന്നും വിദഗ്ധ ചികിത്സയും ലഭ്യമാണ്.ചില സന്ദർഭങ്ങളിൽ മരുന്നിന്റെ ദൗർലഭ്യം നേരിടുന്ന സമയത്ത് ലോക്കൽ പർച്ചേസ് മുഖാന്തിരം അവ ലഭ്യമാക്കുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ആന്റ് (ഡി) ഇതുസംബന്ധിച്ച പരാതികൾ ഒന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

'ശുചിത്വ കേരളം സുന്ദര കേരളം യാഥാർത്ഥ്യമാക്കുവാൻ നടപടി

10 [*277] ശ്രീ. എം. എ. വാഹിദ് :
,, എ. സുജനപാൽ :
,, വർക്കല കഹാർ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ശുചിത്വ കേരളം സുന്ദര കേരളം' എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ നഗരങ്ങളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും കൂടുതൽ പൊതു ടോയ്ലറ്റുകൾ സ്ഥാപിക്കുവാനും അവ വൃത്തിയാക്കി സൂക്ഷിക്കുവാനും എന്തെല്ലാം ഏർപ്പാടുകൾ നിലവിലുണ്ട് ;

(ഡി) നഗരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടോയ്ലറ്റുകൾ പൈസ കൊടുത്തുമാത്രം ഉപയോഗിക്കേണ്ടവയാകയാൽ സൗജന്യമായി ഉപയോഗിക്കാവുന്ന ടോയ്ലറ്റുകൾ കൂടുതലായി സ്ഥാപിക്കുന്നതിനും അവ വൃത്തിയായി സൂക്ഷിക്കുന്നതിനും ഏർപ്പാടുണ്ടാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ രാത്രികാല നഗര ശുചീകരണ പരിപാടി വ്യവസ്ഥാപിതമായി തുടർന്നു വരുന്നു. കനംകുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികളുടേയും മറ്റും നിരോധനം ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ ഏടുത്തിട്ടുണ്ട്. ഇത് കൂടുതൽ ശക്തമാക്കുന്നതിനും പകരം വസ്തുക്കൾ പ്രചരിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഖരമാലിന്യ പരിപാലന സംവിധാനത്തിന്റെ ഭാഗമായി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും മാലിന്യനിർമാർജ്ജന സൗകര്യമൊരുക്കു

LIBRARY ARCHIVES Kerala Legislative Assembly